'ഭരണഭാഷ - മാതൃഭാഷ'

നം :AC-1/12661/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 22.06.2017
Email : swdkerala@gmail.com
Phone : 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

സർ/മാഡം,

വിഷയം : സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് പ്രൊമോഷൻ - ശമ്പള കുടിശ്ശിക മാറിയതിലെ അപാകത - ശമ്പള കുടിശ്ശിക ബില്ലുകൾ പരിശോധിച്ച് അധിക തുക മാറിയത് തിരികെ ഈടാക്കുന്നത് - മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :-
1. സാമൂഹ്യനീതി ഡയറക്ടറുടെ 8.10.2014ലെ E9-25959/13 നമ്പർ ഉത്തരവ്
2. 19.10.2007ലെ ജി.ഒ(പി)515/07/ഫിൻ നം. ഉത്തരവ്
3. സാമൂഹ്യനീതി ഡയറക്ടറുടെ 27.10.2016ലെ മേൽ നമ്പർ കത്ത്
4. ധനകാര്യ എസ്റ്റാ.ഡി.വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 10.5.2016ലെ 13467/എസ്റ്റാ.ഡി.1/2015/ധന(E 64956) നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പിലെ സീനിയർ ക്ലാർക്ക് പ്രൊമോഷനുമായി ബന്ധപ്പെട്ട് 177 പേർ ഉൾപ്പെടുന്ന ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് ഒന്നാമതായി വായിച്ച പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് 2008 മുതൽ 2012 വരെയുള്ള വിവിധ തീയതികളിൽ അർഹതാ വിധേയമായി സീനിയോരിറ്റി പുനഃക്രമീകരിച്ച് നൽകിയിട്ടുണ്ട്. രണ്ടാമതായി വായിച്ച സർക്കാർ ഉത്തരവ് പ്രകാരം പ്രമോഷൻ ലഭിയ്ക്കുന്ന ജീവനക്കാർക്ക് പ്രമോഷൻ ഉത്തരവ് തീയതി മുതൽ പിറകിലേയ്ക്ക് ഒരു വർഷത്തെ ശമ്പളകുടിശ്ശികയ്ക്ക് മാത്രമേ അർഹതയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം എ.ജി.യുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഫൈനൽ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഒന്നാമതായി വായിച്ച ഉത്തരവ് തീയതിയായ 8.10.2014 മുതൽ പിന്നിലേയ്ക്ക് 7.10.2013 വരെയുള്ള കാലയളവിലേയ്ക്ക് മാത്രമേ ശമ്പളകുടിശ്ശികയ്ക്ക് അർഹതയുള്ളൂ എന്നും, അധികമായി മാറിയിട്ടുള്ള തുക കണ്ടെത്തി റിപ്പോർട്ട് നൽകുവാൻ മൂന്നാമതായി വായിച്ച കത്ത് പ്രകാരം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരോടും ആവശ്യപ്പെട്ടിരുന്നു. എന്നാൽ സാമ്പത്തിക ആനുകൂല്യം ആദ്യ പ്രൊമോഷൻ ഉത്തരവ് തീയതി മുതൽ ഒരു വർഷം മുമ്പു വരെയാണോ, അതോ സീനിയോരിറ്റി

Vi.

പുനഃക്രമീകരിച്ച് നൽകിയ ഉത്തരവ് തീയതിയ്ക്ക് ഒരു വർഷം മുമ്പ് വരെയാണോ എന്നത് സംബന്ധിച്ച് വിവിധ വകുപ്പുകളിൽ തർക്കം നിലനിന്നിരുന്നതിനാൽ കേരള സംസ്ഥാന ആഡിറ്റ് വകുപ്പിൽ നിന്ന് ഇത് സംബന്ധിച്ച് സ്പഷ്ടീകരണത്തിന് സർക്കാരിലേയ്ക്ക് കത്ത് നൽകുകയും നാലാമതായി വായിച്ച കത്ത് പ്രകാരം സർക്കാരിൽ നിന്ന് മറുപടി ലഭ്യമാകുകയും ചെയ്തിരുന്നു. ആയത് പ്രകാരം സീനിയോരിറ്റി പുനഃക്രമീകരിച്ച് പ്രൊമോഷൻ തീയതി re-assign ചെയ്ത് നൽകുന്നത് കെ.എസ് & എസ്.എസ്.ആർ ഭാഗം II-ലെ ചട്ടം 28 പ്രകാരമുള്ള ഒരു പ്രെമോഷനായി അംഗീകരിയ്ക്കാനാവില്ല എന്നതിനാൽ അത്തരം കേസുകളിൽ ആദ്യമായി പ്രൊമോഷൻ നൽകിയ ഉത്തരവ് തീയതി മുതൽ പിന്നിലേയ്ക്ക് ഒരു വർഷം വരെയുള്ള ശമ്പളകുടിശ്ശികയ്ക്കാണ് ജീവനക്കാർക്ക് അർഹതയുള്ളത് എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. സർക്കാരിൽ നിന്നും ഈവിധം സ്പഷ്ടീകരണം ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ 8.10.2014ലെ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അവരുടെ ആദ്യ പ്രൊമോഷൻ ഉത്തരവ് തീയതി മുതൽ പിന്നിലേയ്ക്ക് ഒരു വർഷം വരെയുള്ള കാലയളവിലെ ശമ്പളകുടിശ്ശികയ്ക്കാണ് അർഹതയുള്ളത്. ആയതിനാൽ ടി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരിൽ താങ്കളുടെ ജില്ലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളകുടിശ്ശിക ബില്ലുകൾ പരിശോധിച്ച് പ്രൊമോഷൻ തീയതി മുതൽ ഒരു വർഷം പിറകിലേയ്ക്ക് കുടിശ്ശിക കണക്കാക്കി അനുവദനീയമായ തുക സൂചന 2, 4 പ്രകാരം നിശ്ചയിച്ച് ആകെ മാറിയ തുകയിൽ നിന്നും ഈ തുക കുറവ് ചെയ്ത് അവശേഷിക്കുന്ന തുക കണക്കാക്കി അധികം വാങ്ങിയ തുകയുടെ ജില്ലാതല സ്റ്റേറ്റ്മെന്റ് 31.7.2017-നകം ലഭ്യമാക്കുവാനും ജീവനക്കാർ അനർഹമായി വാങ്ങിയ തുക 31.8.2017-നകം ട്രഷറിയിൽ ഒടുക്കുവാൻ നിർദ്ദേശിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

പകർപ്പ് :
1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. സൂപ്രണ്ട്, 'ഇ' സെക്ഷൻ
3. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്
4. സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്
5. ഡയറക്ടറുടെ സി.എ
6. സ്റ്റോക്ക് ഫയൽ/സ്പെയർ

Aj.